# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.8/109/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.8/109/2023 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. പുഷ്പരാജ് വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ലക്ഷ്മീകാന്ത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ബിജുമോൻ.ജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സംഗീത. സി.ആർ | സെക്രട്ടറി | 01-04-2021 | 08-02-2022 |
| ശ്രീമതി.ബീന.എസ് | സെക്രട്ടറി | 08-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനില എം.എ | കൃഷി ഓഫീസർ | 01-04-2021 | 31-12-2021 |
| ശ്രീ. അക്ഷയ് ശശിധരൻ | കൃഷി ഓഫീസർ | 01-01-2022 | 31-03-2022 |
| ശ്രീമതി.മേരി ലിഷി.കെ.ജെ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 25-07-2021 |
| ശ്രീമതി. രചന ആർ | വെറ്ററിനറി സർജ്ജൻ | 21-08-2021 | 31-03-2022 |
| വേക്കന്റ് | വെറ്ററിനറി സർജ്ജൻ | 26-07-2021 | 20-08-2021 |
| ശ്രീമതി.ബിന്ദു.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഫ്രെഷി തോമസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷൈമ.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. യാമിനി ദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 17-01-2022 |
| | | 02-02-2022 | 09-02-2022 |
| ശ്രീ.അജിത്കുമാർ.വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-01-2022 | 01-02-2022 |
| | | 10-02-2022 | 31-03-2022 |
| ശ്രീമതി. സൗമ്യ.എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 18-04-2021 |
| ശ്രീമതി. സോജശിവദാസൻ | ഡയറി ഫാം ഇൻസ്പെക്ടർ | 19-04-2021 | 31-03-2022 |
| ഡോ. ധനസ് മോൾ.എം.സ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുജാത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.സജിത്ത്.പി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചെമ്പന്തറ സർക്കിൾ | 01-04-2021 | 21-11-2021 |
| ശ്രീ.സനൽകുമാർ.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചെമ്പന്തറ സർക്കിൾ | 22-11-2021 | 31-03-2022 |
| ശ്രീമതി. ഷാമില എം. | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ, ഐക്കഭാരതം സർക്കിൾ | | |
| ശ്രീമതി.ഏലിയാമ്മ കുര്യൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-അവലോകനം | 1-1-1 |
| 2 | ബജറ്റ് | 1-1 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 5 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 7 | ഗ്രാന്റ് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 13 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 8,000/-രൂപാ പഞ്ചായത്തിൽ ഒടുക്കി | 1-10 |
| 14 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്മോട്ടോർ റണ്ണിംഗ് ഫീസിനത്തിലുള്ള 1,020/-രൂപാ പഞ്ചായത്തിൽ ഒടുക്കി | 1-11 |
| 15 | റിസോർട്ടിലെ നീന്തൽക്കുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം- 7407/- രൂപ | 1-12 |
| 16 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 13,750/- രൂപാ വരുമാന നഷ്ടം | 1-13 |
| 17 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല | 1-14 |
| 18 | നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചു. | 1-15 |
| 19 | ലൈഫ് ഭവന നിർമാണം ധനസഹായം കൈപ്പറ്റി ഭവന നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്. | 1-16 |
| 20 | സ്ട്രീറ്റ് ലൈൻ എകസ്റ്റൻഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല. | 1-17 |
| 21 | ഐ.കെ.എം വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-18 |
| 22 | ആർ.ഒ.പ്ലാന്റ് മെയിന്റനൻസ് - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-19 |
| 23 | ലൈഫ് ഭവന പദ്ധതി -തുക തിരിച്ചടച്ചത് പലിശ ഈടാക്കിയില്ല | 1-20 |
| 24 | ഹരിത കർമ്മസേന കൺസോർഷ്യത്തിന് വാഹനം - കരാർ വെയ്ക്കാത്തത് സംബന്ധിച്ച്. | 1-21 |
| 25 | പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല 1,285/- രൂപയുടെ അധിക ചെലവ് | 1-22 |

| | | |
|---|---|---|
| 26 | കാലിവീപ്പയുടെ വില-ഈടാക്കിയതിൽ കുറവ് | 1-23 |
| 27 | കൈരളി തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ -അപാകതകൾ | 1-24 |
| 28 | ടൈൽ റോഡുകളുടെ പുനരുദ്ധാരണം - അപാകതകൾ | 1-25 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നടത്തിപ്പിലെ അപാകതകൾ | 1-26 |
| 30 | നികർത്തിൽ ലക്ഷം വീട് കോളനി കാന നിർമ്മാണം- അപാകതകൾ | 1-27 |
| **ഭാഗം 2** | | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്തീടാക്കിയില്ല- 13,750/- രൂപാ വരുമാന നഷ്ടം | 2-1 |
| 2 | റിസോർട്ടിലെ നീന്തൽക്കുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം- 7407/- രൂപ | 2-2 |
| **ഭാഗം 3** | | |
| 1 | കൈരളി തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ -അപാകതകൾ | 3-1 |
| 2 | ടൈൽ റോഡുകളുടെ നിർമ്മാണം-പുനരുദ്ധാരണം - അപാകതകൾ | 3-2 |
| 3 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നടത്തിപ്പിലെ അപാകതകൾ | 3-3 |
| 4 | നികർത്തിൽ ലക്ഷം വീട് കോളനി കാന നിർമ്മാണം- അപാകതകൾ | 3-4 |
| 5 | പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല 1,285/- രൂപയുടെ അധിക ചെലവ് | 3-5 |
| 6 | കാലിവീപ്പയുടെ വില-ഈടാക്കിയതിൽ കുറവ് | 3-6 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1-1 ബജറ്റ്-അവലോകനം

2021-22വർഷത്തെ ബജറ്റ് 6.2.2021 തീയതിയിലെ രണ്ടിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 22.3.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.**ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.**
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.
2.**ബജറ്റിന്റെ പരിശോധന**
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.
3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2101002 | വേജസ് | 10,00,000 | 1225824 | 1600040 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2201101 | ഓഫീസ് ചെലവുകൾ | 150000 | 350,250 | 787451 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2205101 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 5000 | 65000 | 85000 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2304001 | വാടക | 50000 | 50000 | 143210 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/23.1.2023) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 06.02.2021 തീയതിയിലെ 2-(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 22.03.2022-ലെ തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 267606939 | 267699390 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 216326451 | 216169578 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.
1.വാർഷിക കണക്ക് പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (57035252093) എന്ന അക്കൌണ്ടിലെ 31.03.2022-ലെ

നീക്കിയിരിപ്പ് 9361/-രൂപയെന്ന് കാണുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൌണ്ടിൽ 9617/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വ്യത്യാസം വിശദീകരിച്ചിട്ടില്ല.

2.SBI (E-Payment) Own Fund, Avalookkunnu(67387934329) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്നതിനു കീഴെ വൌച്ചർ നമ്പറും തീയതിയും മാത്രം രേഖപ്പെടുത്തി ധാരാളം തുകകൾ നല്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

3.Treasury Own Fund VPFA-1-3-(02) എന്ന അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈ അക്കൌണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല.

4.Contributions Towards Joint Venture Projects- From Block Panchayats എന്നയിനത്തിൽ തൻവർഷം ചെലവഴിച്ച മുഴുവൻ തുകയും രസീപ്റ്റ് & സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിക്കപ്പെട്ട ബ്ലോക്ക് വിഹിതം ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് നേരിട്ട് നല്കിയതിനാലാണ് രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വരാതിരുന്നതെന്ന് വിശദീകരണം നല്കി.

5.റെന്റ് ഫ്രം ബിൽഡിംഗ്, റെന്റ് ഫ്രം ഓഡിറ്റോറിയംസ് & ഹാൾ എന്നിവയുടെ രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

6.Profession Tax Employees എന്നയിനത്തിൽ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് തുക 1078260/-രൂപയുമാണ്. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൻവർഷത്തെ വരവ് 1046260/-രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം (32000/-രൂപ) പഞ്ചായത്ത് ജീവനക്കാരിൽ നിന്നും ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്ത തുകയുമായി (32750/-രൂപ) പൊരുത്തപ്പെടുന്നില്ല.

6.License Fees For Factories,Traders,Entrepreneurs And Other Services എന്നയിനത്തിന്റെ രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

7.പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

8.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

9.ഡെപ്പോസിറ്റ് രജിസ്റ്ററിൽ അബ്സ്ട്രാക്റ്റ് തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.

10.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് എക്സ്പൻസ് ഉൾപ്പെടെയുള്ള ചെലവിനായുള്ള വരവ് 80400709/-രൂപയും ഈയിനത്തിലുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ 494266/-രൂപയുമാണ്. ആകെ 80894975/-രൂപ. എന്നാൽ എൻ.ആർ.ഇ.ജി.എസിൽ നിന്നുള്ള എം.ഐ.എസ് റിപ്പോർട്ട് പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 80141026/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

11.ട്രേഡേഴ്സ്/പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തന്മൂലം ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.
മേൽ ന്യൂനതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീ.19.01.2023 )മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.07.2022 |

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12012772.50 |
| വരവ് | 77298509 |
| ആകെ | 89311281.50 |
| ചെലവ് | 72597612 |
| നീക്കിയിരിപ്പ് | 16713669.50 |
| വരവിനങ്ങളിലുള്ള നഷ്ടം | 21157 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 38861 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1942783 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | വാർഷിക ധനകാര്യ പത്രിക |
|---|---|---|

| | പ്രകാരമുള്ള തുക | പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 12660542 | 17688000 |
| ചെലവ് | 17688000 | 17688000 |
| നീക്കിയിരിപ്പ് | (-)5027458 | 0 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 3102592 | 3188000 |
| ചെലവ് | 3149000 | 3149000 |
| നീക്കിയിരിപ്പ് | (-)46408 | 39000 |

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)

പലിശയിനത്തിൽ ലഭിച്ച തുക വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 5541131 | 5594689 |
| ചെലവ് | 2899818 | 2956174 |
| നീക്കിയിരിപ്പ് | 2641313 | 2638515 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 17688000 | 17688000 | 5027458 | 12660542 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 3188000 | 3188000 | 85408 | 3063592 | 39000 (ലാപ്സായി) |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 124800 | 124800 | 0 | 96000 | 28800 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | 0 | 4941000 | 4941000 | 0 | 3500766 | 1440234 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | 0 | 2446569 | 2446569 | 0 | 1524510 | 922059 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ബാങ്ക് | 0 | 3347558 | 3347558 | 0 | 1122161 | 2225397 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ട്രഷറി | 0 | 2247131 | 2247131 | 0 | 1834013 | 413118 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 6432763 | 6432763 | 0 | 4209655 | 2223108 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7134228 | 7134228 | 0 | 4418918 | 2715310 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 140 | 110834369 | 114 | 48487880 | | 26 | 81.43% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 679835 | 1711590 | 2391425 | 2381147 | 10278 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 78518828 | 78518828 | 78518828 | |
| ആകെ | 679835 | 80230418 | 80910253 | 80899975 | 10278 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 136680 | 87 |
| കർഷക തൊഴിലാളി പെൻഷൻ | 7824400 | 505 |
| വിധവ പെൻഷൻ | 14920200 | 1011 |
| വാർദ്ധക്യകാല പെൻഷൻ | 37285000 | 2882 |
| വികലാംഗ പെൻഷൻ | 5224600 | 346 |
| അവിവാഹിത പെൻഷൻ | 1477200 | 100 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2023 തീയതിയിൽ 03:00 P.M സമയത്ത് അസ്സി: സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,017/-/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

3. പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ സാക്ഷ്യപത്രങ്ങളെല്ലാം അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്തുന്നില്ല.

4. തൊഴിലുറപ്പ് പദ്ധതികളുടെ നടത്തിപ്പിൽ മെറ്റീരിയൽ വിലയും ഉദാ. കയർ ഭൂവസ്ത്രത്തിന് കയർ കോർപ്പറേഷൻ ഈടാക്കുന്ന തുകയും സെക്യൂർ ആപ്ലിക്കേഷൻ പ്രകാരമുള്ള മെറ്റീരിയൽ കോസ്റ്റും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

5.പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്തപരിശോധന തുടർനടപടി വൈകുന്നതിനാൽ വെള്ളക്കരമിനത്തിൽ അധിക ചെലവിന് കാരണമാകുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 8,000/-രൂപാ പഞ്ചായത്തിൽ ഒടുക്കി

2018 ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ നിരാക്ഷേപ പത്രമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ PCB/ALP/UCO-7341/2020 നമ്പർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം മൂലധന നിക്ഷേപം 214.12 ലക്ഷം (2.14 കോടി) രൂപയാണ്.

ടി മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന്നുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:1 /തീയതി: 16-01-23) നൽകിയതിനെ തുടർന്ന് താഴെ സൂചിപ്പിക്കുന്ന രസീത് പ്രകാരം 8,000/-രൂപാ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ഇടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | രസീത് നം / തീയതി | ഒടുക്കിയ തുക |
|---|---|---|---|---|---|
| 1 | ദി റെയിൻ ജോൺസ് റിസോർട്ട്സ് & പ്രോപ്പർട്ടീസ് (പ്രൈ)ലിമിറ്റഡ് | 10,000 | 2,000 | 12201033596/ 18-01-2023 | 8000 |

## 1-11 ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്മോട്ടോർ റണ്ണിംഗ് ഫീസിനത്തിലുള്ള 1,020/-രൂപാ പഞ്ചായത്തിൽ ഒടുക്കി

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ നിരാക്ഷേപ പത്രമായ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരവുമുള്ള വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങളുടെ കുതിര ശക്തിയ്ക്ക് അനുസൃതമായി കേരളാ പഞ്ചായത്ത് രാജ് 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 18 പട്ടികIII ന് അനുസൃതമായി ഇടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാത്തത് മൂലം മോട്ടോർ റണ്ണിംഗ് ഫീസിനത്തിൽ പഞ്ചായത്തിന്നുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:2 /തീയതി: 16-01-23) നൽകിയതിനെ തുടർന്ന് താഴെ സൂചിപ്പിക്കുന്ന രസീത് പ്രകാരം 1,020/-രൂപാ പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | നിരാക്ഷേപ പത്രം/ അപേക്ഷ പ്രകാരമുള്ള യന്ത്രത്തിന്റെ കുതിര ശക്തി | ഇടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് | ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് | രസീത് നം / തീയതി | ഒടുക്കിയ തുക |
|---|---|---|---|---|---|---|
| 1 | N.C.ജോൺ & സൺസ് (പ്രൈ) ലിമി. | 284KW+125KvA) (552 HP) | 5520/- | 4000 | 1220103618/ 19-01-2023 | 1020 |

## 1-12 റിസോർട്ടിലെ നീന്തൽകുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം- 7407/- രൂപ

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011 ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്ന എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്.

2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഏഴാം വാർഡിലെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന1.5 മീറ്ററിലധികം വഴി സൌകര്യമുള്ള ജോൺസ് റിസോർട്ട്സ് ആന്റ് പ്രോപ്പർട്ടീസ് (പ്രൈ) ലിമിറ്റഡ് (THE RAIN RESORTS & SPA) എന്ന റിസോർട്ടിലെ 78.72$^{m2}$ വിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി, റിസോർട്ടിലെ 165$^{m2}$ തറവിസ്തീർണ്ണമുള്ള പ്രധാന കെട്ടിടത്തിന് (കെട്ടിട നം:VII/380A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല.സഞ്ചയ അസസ്മെന്റ രജിസ്റ്റർ പ്രകാരം 2017 ഒന്നാം അർദ്ധവർഷം മുതൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഡിമാൻഡ് ചെയ്ത് ഈടാക്കുന്നുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:21 / 24-01-2023) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം നം:05/തീയതി:19/01/2023) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽക്കുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഈടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നികുതി നിർണയിച്ചത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 165 $^{M2}$ @85 = 14025 | 78.72$^{m2}$ @85= 6691 |

| | | |
|---|---|---|
| മേഖല (ദ്വിതീയം) 10% ഇളവ് | (-)1402.5 | (-)669 |
| നികുതി | 12623/- | 6022/- |
| ലൈബ്രറി സെസ് 5% | (+) 632 | (+)301 |
| സർവീസ് ചാർജ് | (+) 2273 | (+)1084 |
| ആകെ | 15528/- | 7407/- |
| നിലവിലെ നികുതി | 15228/- | ഈടാക്കേണ്ട നികുതി =22,635/- |

മേൽ സൂചിപ്പിച്ച റിസോർട്ടിൽ പുതുതായി നീന്തൽക്കുളം നിർമ്മിച്ച ശേഷം 14-11-2011 ലെ വസ്തുനികുതി ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാത്തത് മൂലം 2021-22 വർഷത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 7407/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. നീന്തൽക്കുളത്തിന്റെ വസ്തുനികുതി ടി റിസോർട്ടിലെ പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 2021-22 ലെ വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:21 / 24-01-2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് 2021-22 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 13,750/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1 | മുളമൂട്ടിൽ ഫൈനാൻസ്, ഗുരുപുരം (Near Anvil Motors) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | മുളമൂട്ടിൽ ഫൈനാൻസ്, ആര്യാട് (Near SNG Photostat) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 3 | MRP ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4 | ശ്രീ കൃഷ്ണാ ബാങ്കേഴ്സ് | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ്, പോർട്ടൽ ഓഫീസ് ,കോമളപുരം | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 6 | ആര്യാട് കോപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| ആകെ | | | 13,750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയതായും, 2022-23 സാമ്പത്തിക വർഷം മുതൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04,തീയതി:18/1/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും

തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകം. പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തിട്ടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം / ജീവനക്കാർ | അർദ്ധവർഷം |
|---|---|---|
| 1 | ആര്യാട് കോപ്പറേറ്റീവ് ബാങ്ക് (ജീവനക്കാർ) | രണ്ടാം അർദ്ധവർഷം |
| 2 | ശ്രീ കൃഷ്ണാ ബാങ്കേഴ്സ് (ഉടമ, ജീവനക്കാർ) | ഒന്നം, രണ്ടും അർദ്ധവർഷങ്ങളിൽ |
| 3 | മുളമൂട്ടിൽ ഫിനാൻസ്, ഗുരുപുരം (ഉടമ, ജീവനക്കാർ) | ഒന്നം, രണ്ടും അർദ്ധവർഷങ്ങളിൽ |
| 4 | മുളമൂട്ടിൽ ഫിനാൻസ്,ആര്യാട് (ഉടമ, ജീവനക്കാർ) | ഒന്നം, രണ്ടും അർദ്ധവർഷങ്ങളിൽ |
| 5 | MRP ഫിനാൻസ് (ഉടമ, ജീവനക്കാർ) | ഒന്നം, രണ്ടും അർദ്ധവർഷങ്ങളിൽ |
| 6 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ്, പോർട്ടൽ ഓഫീസ് കോമളപുരം (ഉടമ, ജീവനക്കാർ) | ഒന്നം, രണ്ടും അർദ്ധവർഷങ്ങളിൽ |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് 2021-22 ലെ തൊഴിൽ നികുതി കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നൽകിയതായും തുക അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി:18-01-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും 2021-22 വർഷത്തെ വരുമാന പത്രിക ലഭ്യമാക്കി, തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചു.

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് പെട്രോൾ പമ്പുകൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിരക്ഷേപ പത്രങ്ങൾ താഴെ സൂചിപ്പിക്കും പ്രകാരം ഹാജരാക്കിയില്ല.

| ക്രമ നം. | അപേക്ഷകൻ / പെട്രോൾ പമ്പ് | സമർപ്പിക്കാത്ത നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ |
|---|---|---|
| 1 | ഗിരി സുഗുണേന്ദ്രൻ ഹൈ പോയിന്റ് ഫ്യൂവൽസ് | 1.ഫയർ & റെസ്ക്യൂ ലൈസൻസ്<br>2. എക്സ്പ്ലോസീവ് ലൈസൻസ് |
| 2 | കെ. എ. ജോസഫ് കേരളാ ഓയിൽ കമ്പനി | 1, പി.സി.ബി സർട്ടിഫിക്കറ്റ്<br>2.ഫയർ & റെസ്ക്യൂ ലൈസൻസ്<br>3.എക്സ്പ്ലോസീവ് ലൈസൻസ് |

കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും, ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊല്യൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം

ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിക്കുന്ന 06.09.2020ലെ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ ഹോം-എസ്.എസ്.4/155 /2020-ഹോം നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിയമാനുസൃതം ഹാജരാക്കേണ്ട എല്ലാ നിരാക്ഷേപ പത്രങ്ങളും ഹാജരാക്കാൻ ടി സ്ഥാപങ്ങൾക്ക് നിർദ്ദേശം നൽകിയതായും, തുടർന്നുള്ള വർഷങ്ങളിൽ എല്ലാ നിരാക്ഷേപ പത്രങ്ങളും അപേക്ഷയോടപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്നും, നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:01/17-01-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെട്രോൾ പമ്പുകൾ മേൽ സൂചിപ്പിച്ച ലൈസൻസുകൾ ഹാജരാക്കി എന്ന ഉറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവന നിർമാണം ധനസഹായം കൈപ്പറ്റി ഭവന നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.

ആര്യാട് ഗ്രാമ പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥരായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ലൈഫ് ഭവന നിർമാണം. ലൈഫ് ഭവന നിർമാണ പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പോലും ഭവന നിർമാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

1.ചെമ്പന്തറ സർക്കിൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ബിന്ദു, കുറ്റിപ്പുറത്ത് | 300000 | 14.03.2019 |
| 2 | സന്ധ്യ, ശങ്കരശേരി വെളി | 360000 | 04.07.2019 |

2.ഐക്യഭാരതം സർക്കിൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മാനുവൽ തൈപ്പറമ്പ് (പുതുവൽ) | 40000 | 21.07.2018 |
| 2 | രേഖ, മാടയ്ക്കൽ | 360000 | 20.08.2018 |
| 3 | ഷെജിമോൾ, വഴിത്തലയ്ക്കൽ | 360000 | 15.10.2018 |
| 4 | എലിസബത്ത് പീറ്റർ, ചാരങ്കാട്ട് | 360000 | 15.10.2018 |
| 5 | പാർവതി, വടക്കാലിശ്ശേരി | 360000 | 26.11.2018 |
| 6 | ഗസരിമോൾ, ഗസൽമോൻ മൻസിൽ | 260000 | 25.06.2020 |
| 7 | ലത പുരുഷോത്തമൻ, ലത നിവാസ് | 40000 | 26.08.2020 |

മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയതിനു ശേഷം ഭവന നിർമാണം മുന്നോട്ട് കൊണ്ടു പോകാത്തതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13തീ.23.01.2023) മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമാണം പൂർത്തീകരിക്കുവാൻ തത്പരരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർദേശം നല്കി ഭവന നിർമാണം പൂർത്തീകരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമാണം തുടരാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതുമാണ്. ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്ന സംഗതികളിൽ നിലവിലുള്ള സർക്കാർ നിർദേശ പ്രകാരമുള്ള പലിശ സഹിതം തുക തിരികെ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സ്ട്രീറ്റ് ലൈൻ എകസ്റ്റൻഷൻ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്ട് നം.103/2022

പ്രോജക്ടിന്റെ പേര്: സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ
നിർവഹണം-സെക്രട്ടറി

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1094000

ചെലവ്- 1094000/- (ഇ-ഗ്രാം സ്വരാജ്)

1.ട്രാൻസാക്ഷൻ ഐ.ഡി- 0046EATPAYREQ1211202110220 തീ.12.11.2021- 23865/-രൂപ

2.ട്രാൻസാക്ഷൻ ഐ.ഡി- 0046EATPAYREQ2203202222595 തീ.22.03.2022-1070135/-രൂപ

ആര്യാട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനു വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചേർത്തല എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് മേൽ പ്രകാരം 1094000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമായിരുന്നില്ല. പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.19.01.2023) നല്കിയ മറുപടിയോടൊപ്പം 23865/-രൂപയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി. അവശേഷിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചതിനു ശേഷം ബാക്കി തുകയ്ക്കുള്ള പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പൂർത്തീകരണ രേഖകളുടെ

അഭാവത്തിൽ ചെലവ് തുക 1070135/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ഐ.കെ.എം വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം അടവാക്കൽ

പ്രോജക്ട് നം. : 1/2022

അടങ്കൽ : വികസന ഫണ്ട് - 72648/-

ചെലവ് : 72648/- (ബിൽ റെഫറൻസ് നം.210601520134002137 53 തീയതി.16.07.2021)

നിർവഹണം: സെക്രട്ടറി

ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 72648/- രൂപ മേൽ ബിൽ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.19.01.2023) ലഭ്യമാക്കിയ മറുപടിയിൽ ഐ.കെ.എം-ന്റെ ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്കേ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകൂ എന്നറിയിച്ചിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (72648/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ആർ.ഒ.പ്ലാന്റ് മെയിന്റനൻസ് - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട് നം.196/2022

പ്രോജക്ടിന്റെ പേര്: ആർ.ഒ.പ്ലാന്റ് മെയിന്റനൻസ്
നിർവഹണം-സെക്രട്ടറി

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 800000/-രൂപ

ചെലവ്- 800000/-രൂപ

ട്രാൻസാക്ഷൻ ഐ.ഡി- 0046EATPAYREQ2603202242715 തീ.26.03.2022 (ഇ-ഗ്രാം സ്വരാജ്)

ആര്യാട് ഗ്രാമ പഞ്ചായത്തിലെ വിവിധ ആർ.ഒ പ്ലാന്റുകളുടെ മെയിന്റനൻസിനായി വേണ്ടി കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ ചേർത്തല ഓഫീസിലേയ്ക്ക് മേൽ രേഖപ്പെടുത്തിയ പ്രകാരം 800000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.19.01.2023) പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബില്ലുകൾ , സൂക്ഷ്മപരിശോധന നടത്തിവരികയാണെന്നും ആയത് പൂർത്തിയാക്കി പേയ്മെന്റ് നല്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാമെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചതായി മറുപടി ലഭ്യമാക്കി. പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 800000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കി തടസം ഓഴിവാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി -തുക തിരിച്ചടച്ചത് പലിശ ഈടാക്കിയില്ല

ആര്യാട് ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ജോളി ജോസഫ് വെട്ടുവഴി എന്ന ഗുണഭോക്താവ് ഭവന നിർമാണം മുന്നോട്ട് കൊണ്ടുപോകാനാവാത്തതിനാൽ കൈപ്പറ്റിയ തുക 260000/-രൂപ 23.09.2021-ലെ 1210101910/G040401 നമ്പർ രസീപ്റ്റ് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താവിൽ നിന്നും പലിശ ഈടാക്കിയതായി കാണുന്നില്ല. 19.04.2011-ലെ സ.ഉ(സാധാ)1038/2011/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭവന നിർമാണ ധനസഹായം കൈപ്പറ്റിയ ശേഷം വീട് പൂർത്തിയാക്കാത്തവരിൽ നിന്നും പണം തിരികെ ഈടാക്കുമ്പോൾ 12% പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പലിശ ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12 തീ.23.01.2023)മറുപടി ലഭ്യമാക്കിയില്ല. പലിശ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഹരിത കർമ്മസേന കൺസോർഷ്യത്തിന് വാഹനം - കരാർ വെയ്ക്കാത്തത് സംബന്ധിച്ച്.

പ്രോജക്ടിന്റെ പേര് : പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിന്റെ വിനിയോഗം (നിർമാണ പ്രവർത്തികൾ ഒഴികെ)

പ്രോജക്ട് നം. : 117/2022

അടങ്കൽ : കേന്ദ്രാവിഷ്കൃത ഫണ്ട് - 500000/-

ചെലവ് : 436228/- രൂപ (ചെക്ക് നം.IOB00034/3.2.2022 )

നിർവഹണം: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഐക്യഭാരതം സർക്കിൾ)

ഹരിത കർമ്മസേനയ്ക്ക് മാലിന്യശേഖരണത്തിന് ഇലക്ട്രിക് വാഹനം വാങ്ങി നല്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ആലപ്പുഴയിലെ മെരിഡിയൻ മോട്ടോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും മഹീന്ദ്രയുടെ ട്രയോ സോർ ഡി.വി എന്ന ഇലക്ട്രിക് ഓട്ടോ വാങ്ങിയതിന്റെ വിലയായി 436228/-രൂപ പ്രസ്തുത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ വാഹനം ഹരിത കർമ്മസേന കൺസോർഷ്യത്തിന് 29.04.2022-ൽ കൈമാറുന്നതിന് 21.04.2022-ലെ 4(2)-ാം നമ്പർ പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സെക്രട്ടറിയുടെ പേരിൽ വാങ്ങിയ വാഹനം കൈമാറുന്നതിന് മുൻപായി വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിശ്ചയിച്ച് ഹരിതകർമ്മസേന കൺസോർഷ്യവുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. ഇപ്രകാരം കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീ.23.01.2023) മറുപടി ലഭ്യമാക്കിയില്ല. കരാറിലേർപ്പെട്ടതിന്റെ രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 പത്രപരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല 1,285/- രൂപയുടെ അധിക ചെലവ്

വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2021-22ൽ പഞ്ചായത്ത് പുനർ ലേലത്തിനായി ദേശാഭിമാനി പത്രത്തിൽ നൽകിയ പത്ര പരസ്യം നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തീയ്യതി | പത്രം / ഇൻവോയിസ് നം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെക്ക് നമ്പർ, |
|---|---|---|---|---|---|---|---|
| 22100782 / 05-11-21 | ദേശാഭിമാനി/ ALP/21-22/0755 Dated: 25.09.2021 | 4×8 32sq Cm | 180 | 32@180 5760- 15% ഡിസ്കൗണ്ട്=864 +(Sgst-122.4, Cgst-122.4) = 5141 | 3×8=24cm@180 =4320 15% ഡിസ്കൗണ്ട്= 648 4320-648=3672 +5%ടാക്സ് 3672+183.6=3855.6 3856/- (Rounded) | 5141-3856 = 1,285/- | TSB Cheq: 5531975 / 6.11.21 |

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 I ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പുനർ ലേലത്തിനായി ദേശാഭിമാനി പത്രത്തിൽ നൽകിയ പത്ര പരസ്യം പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 1,285/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 21.01.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/21.1.23) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ പത്ര പരസ്യം നല്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ച് അധിക ചെലവ് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.അധികമായി ചെലവഴിച്ച 1,285/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 കാലിവീപ്പയുടെ വില-ഈടാക്കിയതിൽ കുറവ്

ആര്യാട് ഗ്രാമപഞ്ചായത്തിൽ 202122ൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ചില പ്രവൃത്തികളിൽ നിന്നും ഈടാക്കുകയും ചിലതിൽ നിന്നും ഈടാക്കാതിരിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ ഇപ്രകാരം ഈടാക്കിയ തുക സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

